(*b*) if so, what is the principle?

Rao Sahib M. M. Paul *(Director of Food Supplies)*:

(*a*) Yes.

(*b*) To secure the services of the best persons available and thereby obtain the maximum benefit out of the committee.

STEPS FOR SUPPLYING PURE WATER

649. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

അഴീക്കൽ, ഓച്ചന്തുരുത്ത്, പനമുകാട്, വല്ലാർപാടം, മുളവുകാട് എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം കൊടുക്കുവാൻവേണ്ടി ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് എടുത്തിട്ടുള്ള നടപടികളും എന്തെല്ലാം?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

അഴീക്കൽ, ഓച്ചന്തുരുത്ത്, പിഴല, കടമക്കുടി, പനമുകാട് മുതലായ സ്ഥലങ്ങളിൽ പരീക്ഷാർത്ഥം ഫ്രവ്വ കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. അഴീക്കൽതന്നെ എട്ട താഴ്ചകുറഞ്ഞ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാലെണ്ണം മാത്രമേ എതാണ്ട് ഫലസിദ്ധിയുള്ളതായി തോന്നുന്നുള്ളൂ. മൂന്നു കുഴൽകിണറുകൾ അഴിച്ച് പുതിയ രീതിയിൽ സ്ഥാപിക്കുന്നതിനു ഇപ്പോൾ ഏർപ്പാടുചെയ്തിട്ടുണ്ട്. വല്ലാർപാടത്ത് തല്ക്കാലം രണ്ടു കുഴൽ കിണറുകൾ സ്ഥാപിക്കുന്നുണ്ട്. പൈപ്പുവഴി വെള്ളം കൊടുക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

HOSTELS ATTACHED TO HIGH SCHOOLS

650. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) സ്റ്റേറ്റിൽ ഹൈസ്കൂളിനോടു ചേർത്ത് എത്ര ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്; എവിടെയെല്ലാം;

(ബി) ഈ ഹോസ്റ്റലുകളിൽ എത്ര അധഃകൃതവിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നുണ്ട്;

(സി) ഇല്ലെങ്കിൽ അവിടെ അധഃകൃതവിദ്യാർത്ഥികളെ ചേർക്കുന്നതിനു വിരോധമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മൂന്നു മാത്രം. (എ) ചിറ്റൂർ, (ബി) വടക്കാഞ്ചേരി. (സി) കുന്നംകുളം.

(ബി) ഇരുമില്ല.

(സി) നിയമപ്രകാരം വിരോധമില്ല. എന്നാൽ വടക്കാഞ്ചേരിയിലും ചിറ്റൂരിലും അതിനുള്ള സൌകര്യങ്ങൾ ഇല്ല.

METHALA VILLAGE

651. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടുസദയം മറുപടി പറയുമോ.—

(എ) മേത്തല പഞ്ചായത്തിൽനിന്നും പഞ്ചായത്ത് ഓവർസിയർ, ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥന്മാർ വഴി എഴുതി അയച്ച ഗ്രാമപരിഷ്കരണ പദ്ധതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആ കാര്യത്തിൽ ഗവൺമെണ്ടിന്റെ തീരുമാനമെന്ത്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വ്.

(ബി) തീരുമാനമായിട്ടില്ല. ആലോചനയിൽ ഇരിക്കുകയാണ്.

CASTE-WAR STATEMENT—HUZUR SECRETARIAT

652. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു സദയം മറുപടി പറയുമോ —

(എ) സ്റ്റാഫ് സിലക്ഷൻ ബോർഡ് നിയമനത്തിനു മുമ്പ് ഹുജൂർ ആപ്പീസിലെ സൂപ്രണ്ടുമാർ ഉൾപ്പടെയുള്ള ജാതി (സമുദായം) തിരിച്ചുള്ള നിലവിലുള്ള സ്ഥിരം ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly